3424

ക്യൂ.ഐ.പി(1)/57878/2015/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 13/07/2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ. വിഭാഗം)

എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

A5

സർ,

വിഷയം : പൊ.വി - 2021-22 അധ്യയന വർഷത്തെ ഓ.ആർ.സി. പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : 08.06.2021 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ കത്ത് നമ്പർ ICPS 4(C)/1412/21.

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുട്ടികൾ നേരിടുന്ന സ്വഭാവ വൈകാരിക -പഠന-മാനസിക-സാമൂഹിക വെല്ലുവിളികളെ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് രക്ഷിതാക്കളെയും അധ്യാപകരെയും, പൊതുസമൂഹത്തെയും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത 304 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ (ഓ. ആർ.സി.) 2021-22 അധ്യയന വർഷത്തിൽ ഓ.ആർ.സി പദ്ധതിയുമായി ബന്ധപ്പെട്ട് സൂചന കത്ത് പ്രകാരം നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. ആയത് പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

16/7/21

വിശ്വസ്തതയോടെ

ഷൈൻമോൻ എം.കെ.
പെൻ നം. 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പകർപ്പ് കത്ത് A5/3424/2021 തീ 20/7/2021

എല്ലാ പ്രധാനാധ്യാപകർക്കും നടപടിക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

20/7/21

ഡി.ഡി.ഇ

കുട്ടികൾ നേരിടുന്ന സ്വഭാവ - വൈകാരിക - പഠന - മാനസിക - സാമൂഹിക വെല്ലുവിളികളെ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് രക്ഷിതാക്കളെയും അദ്ധ്യാപകരേയും പൊതുസമൂഹത്തേയും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരെഞ്ഞെടുത്ത 304 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി). വനിത ശിശു വികസന വകുപ്പിനെ കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, എക്സൈസ്, പട്ടികവർഗ്ഗ/പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടേയും പൊതുസമൂഹത്തിന്റെയും തുല്യ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഒ.ആർ.സി. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ 2021 - 22 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകളുടെ പ്രവർത്തനം ആരംഭിയ്ക്കാത്തതിനാലും കുട്ടികളുടെ പഠനം, ഡിജിറ്റൽ മാർഗ്ഗം മുഖേന ആയതിനാലും ഒ.ആർ.സി. പദ്ധതി വഴി നടപ്പിലാക്കി വന്നിരുന്ന പരിപാടികൾ ഈ സാഹചര്യത്തിൽ കുട്ടികൾക്ക് അനിവാര്യമാണ്. കുട്ടികളിൽ മാനസിക സമ്മർദ്ദം വർദ്ധിയ്ക്കുന്നതിനാലും, സ്കൂളിൽ പോകാൻ സാധിയ്ക്കാത്തതിനാലും, കുട്ടികൾക്കിടയിൽ ആത്മഹത്യാപ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യവും കണക്കിലെടുത്ത് ഒ.ആർ.സി പദ്ധതിയിലൂടെ ശാസ്ത്രീയമായ രീതിയിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തുകയും, ഡിജിറ്റൽ മാർഗ്ഗം ഒ.ആർ.സി. പരിശീലകർ മുഖേന സ്മാർട്ട് - 40 ക്യാമ്പുകൾ സംഘടിപ്പിയ്ക്കേണ്ടതാണ്.

- എല്ലാ ഒ.ആർ.സി. സ്കൂളുകളിലും (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളൊട്ടാകെ ഉൾപ്പെടുത്തികൊണ്ട്) ഒരു ഒ.ആർ.സി. കോർടീം (സ്കൂൾ തലവൻമാർ, നോഡൽ ടീച്ചർ, സ്കൂൾ കൗൺസിലർ, സ്കൂൾ ഹെൽത്ത് നഴ്സ്, പി.ടി.എ. പ്രതിനിധി, സ്റ്റാഫ് സെക്രട്ടറി/സീനിയർ അസിസ്റ്റന്റ്, എസ്.പി.സിയുടെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/എൻ.സി.സി./ജെ.ആർ.സി. കോർഡിനേറ്റർ, എം.പി.ടി.എ. പ്രതിനിധി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് കൺവീനർ) കഴിഞ്ഞ അദ്ധ്യയന വർഷം രൂപീകരിച്ചിട്ടുണ്ട്. ടി കോർടീം അംഗങ്ങളിൽ നോഡൽ ടീച്ചർ ട്രാൻസ്ഫർ ആയിട്ടുള്ള സ്കൂളുകളിൽ പകരം അഭിരുചിയും താല്പര്യവുമുള്ള ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ കണ്ടെത്തി ഒ.ആർ.സി. നോഡൽ ടീച്ചറായി നിയോഗിക്കേണ്ടതാണ്.
    - നോഡൽ ടീച്ചർമാരെ തെരെഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.
    - മേൽസൂചിപ്പിച്ച പ്രകാരമുള്ള ഘടനയിൽ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും 2021 July മാസം 25 നു മുമ്പായി കോർടീം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽതെരെഞ്ഞെടുക്കപ്പെട്ട കോർടീം അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അനുബന്ധം 2 ൽ ചേർക്കുന്നു.

- എല്ലാ ജില്ലകളിലും ഒ.ആർ.സി. സ്കൂളുകളിലെ കോർടീമംഗങ്ങളെ മുഴുവനായും

പങ്കെടുപ്പിച്ചുകൊണ്ട് ഒരു ജില്ലാതല ഓൺലൈൻ പരിശീലനം 2021 July മാസം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കോർടീം പരിശീലന പരിപാടി ജില്ലാതലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതുമാണ്.

- 2021 - 2022 അദ്ധ്യായന വർഷത്തിൽ എല്ലാ ജില്ലകളിലും രണ്ട് മുതൽ മൂന്ന് സ്കൂളുകളെ പുതുതായി ORC പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലും കോർടീം യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- സ്കൂളുകളിൽ പുതുതായി വരുന്ന ഓ.ആർ.സി. പരിശീലനം നേടാത്ത അദ്ധ്യാപകരുടെ വിവരം സ്കൂൾ തലവൻമാർ മുഖേന അതത് ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെ അറിയിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

- നിലവിൽ ഓ.ആർ.സി. പരിശീലനം നേടിയ അദ്ധ്യാപകർക്ക് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഫലപ്രദമായി ഇടപെടലുകൾ നടത്തുന്നതിന് ഓ.ആർ.സി. തയ്യാറാക്കിയിട്ടുള്ള വീഡിയോ മോഡ്യൂൾ ഉപയോഗിച്ച് പരിശീലനം നൽകുന്നതിന് സ്കൂൾ തലത്തിൽ ആവശ്യമായ സമയം അനുവദിക്കുകയും പ്രസ്തുത പരിശീലനത്തിൽ ക്ലാസ് ടീച്ചർമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ ടീച്ചർക്ക് തിരിച്ചറിയുവാനും സഹായകരമാകും .
- ആർ.എ.ഡി, ആർ.ഡി.ഡി. ഇല്ലാത്ത ജില്ലകളിൽ ഓ.ആർ.സി. യുടെ ചുമതല ജില്ലാതലത്തിൽ ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

- പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും പോലീസിന്റെ സഹായത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതുമാണ്.

- മെന്ററിംഗ് - പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളിൽ സഹരക്ഷാകർത്തൃത്വം ആവശ്യമുള്ള കുട്ടികൾക്ക് മെന്റർമാരെ കണ്ടെത്തി പിന്തുണ ഉറപ്പാക്കേണ്ടതുണ്ട്. മെന്റർമാർക്കുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുള്ള ജില്ലകളിൽ മെന്ററിംഗ് പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

പ്രസ്തുത പ്രവർത്തനങ്ങൾ ജില്ലയിൽ കോർഡിനേറ്റ് ചെയ്യുന്നതിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കീഴിൽ ഓരോ ജില്ലയിലും ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്/സൈക്കോളജിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം

അനുബന്ധം 1, 2

### അനുബന്ധം 1

### നോഡൽ ടീച്ചറെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ

- ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലങ്ങളിൽ നിന്നും ഓരോ നോഡൽ ടീച്ചർമാരെ തെരഞ്ഞെടുക്കേണ്ടതുണ്ട്.
- അഭിരുചിയും താല്പര്യവും അർപ്പണ ബോധവുമുള്ള അധ്യാപകരാകുന്നതാണ് ഉചിതം.
- ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും കുട്ടികളുടെ പ്രശ്നങ്ങൾ രഹസ്യാത്മകമായി സൂക്ഷിക്കേണ്ടതുമാണ്.
- വ്യക്തിഗത വിദഗ്ദ്ധ പരിചരണം ആവശ്യമായ കുട്ടികളിൽ തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും റഫറൽ സംവിധാനങ്ങൾ ആവശ്യമായ വിധം ഉപയോഗപ്പെടുത്തേണ്ടതുമാണ്.
- ഒ.ആർ.സി. സ്കൂൾതല പ്രവർത്തനങ്ങളും കുട്ടികളുടെ ഇടയിൽ നടത്തുന്ന ഇടപെടലുകളും ഒ.ആർ.സി. നോഡൽ ടീച്ചർമാർക്കുള്ള ഡയറിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
- മാസത്തിലൊരിക്കൽ സ്കൂളിൽ സംഘടിപ്പിക്കുന്ന സ്കൂൾതല കോർടീം യോഗത്തിൽ പങ്കെടുക്കുകയും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണം.

### അനുബന്ധം 2

### കോർടീം അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

- തെരഞ്ഞെടുക്കപ്പെട്ട നോഡൽ ടീച്ചർമാരിൽ നിന്നും (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി) ഒരാളെ സ്കൂൾ കോർടീം കൺവീനറായി നിയോഗിക്കേണ്ടതാണ്.
- മാസത്തിൽ ഒരു തവണ കോർടീം യോഗം ചേരുകയും മിനിട്ട്സ് ഒ.ആർ.സി. രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ആയതിന്റെ പകർപ്പ് അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.
- ഒ.ആർ.സി. വിദ്യാർത്ഥിയെ അറിയാൻ കാർഡ് വഴി കണ്ടെത്തുന്ന വ്യക്തിഗത വിദഗ്ദ്ധപരിചരണം ആവശ്യമുള്ള കുട്ടികളിൽ ഇടപെടൽ നടത്തുകയും, തുടർപരിചരണം ഉറപ്പുവരുത്തുകയും ആയതിന്റെ റിപ്പോർട്ട് ഒ.ആർ.സി. ഡയറിയിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുക.
- സ്കൂൾതലത്തിൽ കുട്ടികൾക്കായി നടത്തുന്ന പ്രത്യേക പരിപാടികളുമായി ബന്ധപ്പെട്ട് കോർടീം യോഗത്തിൽ കുട്ടികളുടെ പ്രതിനിധിയെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.
- സ്കൂളിലെ പൊതുവായ പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരമാർഗ്ഗങ്ങളെ കുറിച്ച് തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ആയതിന്റെ റിപ്പോർട്ട് എഴുതി സൂക്ഷിക്കുക.

- വിദ്യാലയ പുരോഗതിയ്ക്കായി വിവിധ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുകയും പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.
- തെരഞ്ഞെടുക്കപ്പെടുന്ന കോർടീം ഒ.ആർ.സി.യുടെ സ്കൂൾതല പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുകയും ജില്ലാതല ഒ.ആർ.സി. ടീമുമായി യഥാസമയങ്ങളിൽ ബന്ധപ്പെടേണ്ടതുമാണ്.